കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ചിറക്കര ഗ്രാമപഞ്ചായത്ത്-പൊതുമാർക്കറ്റ് സ്ഥാപിക്കുന്നതിന് വസ്തു പൊന്നുംവിലയ്ക്കെടുക്കുന്നതിന് തുക തനതുഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ)നം. 2859/2012/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം 12-10-2012

പരാമർശം : 1. 7-1-08 -ലെ സ.ഉ. (സാധാ) നം. 73/08/തസ്വഭവ

2. ചിറക്കര ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 14-9-12 ലെ സാധാരണ മീറ്റിംഗിലെ IV -ാം നമ്പർ തീരുമാനം

3. ചിറക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 19-9-12 ലെ 27611/07 നമ്പർ കത്ത്.

ഉത്തരവ്

ചിറക്കര ഗ്രാമപഞ്ചായത്തിന് പബ്ലിക് മാർക്കറ്റ് സ്ഥാപിക്കുന്നതിനായി പരവൂർ വില്ലേജിലെ ബ്ലോക്ക് 32, സർവ്വേ നമ്പർ 426-ൽപ്പെട്ട 20 സെന്റ് സ്ഥലം അർജൻസി ക്ലോസിൽ ഉൾപ്പെടുത്തി അക്വയർ ചെയ്യുന്നതിന് അനുമതി നല്കി പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

2) മേൽ പൊന്നുംവില നടപടിയ്ക്കായി പഞ്ചായത്ത് പ്രോജക്ടിൽ ഉൾപ്പെടുത്തി പഞ്ചായത്ത് 2 ലക്ഷം രൂപ ജില്ലാ കളക്ടർക്ക് കെട്ടി വച്ചിട്ടുള്ളതിനു പുറമെ 347565/- രൂപ കൂടി പൊന്നുംവില നടപടികൾക്ക് ആവശ്യമായിട്ടുണ്ടെന്നും എന്നാൽ ടി ആവശ്യത്തിന് നിലവിൽ പ്രോജക്ട് അംഗീകരിച്ചിട്ടില്ലാത്തതിനാൽ ഗ്രാമപഞ്ചായത്തിന്റെ 2012-13 വർഷത്തെ ബഡ്ജറ്റ് ഹെഡ് നം. 4059-60-201-ൽ വക കൊള്ളിച്ചിട്ടുള്ള 5 ലക്ഷം രൂപയിൽ നിന്നും മേൽ തുക ചെലവഴിക്കുന്നതിന് പരാമർശം (2) പ്രകാരം ചിറക്കര ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനിക്കുകയും ആയതിന് അനുമതി നൽകണമെന്ന് സർക്കാരിനോട് അപേക്ഷിക്കുകയും ചെയ്തു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചിറക്കര ഗ്രാമപഞ്ചായത്തിന്റെ പരാമർശം (2) ലെ തീരുമാനത്തിന്റെയും പഞ്ചായത്ത് പ്രസിഡന്റിന്റെ പരാമർശം (3) ലെ അപേക്ഷയുടേയും അടിസ്ഥാനത്തിൽ ചിറക്കര ഗ്രാമപഞ്ചായത്തിൽ പബ്ലിക് മാർക്കറ്റിനുവേണ്ടി സ്ഥലം പൊന്നുംവില നടപടിയിലൂടെ ഏറ്റെടുക്കുന്നതിന് ആവശ്യമായ തുക ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി തനതു ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് ചിറക്കര ഗ്രാമപഞ്ചായത്തിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4) ടി സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് യാതൊരു വിധ സാമ്പത്തിക ബാധ്യതയോ വ്യവഹാരങ്ങളിൽ ബാധ്യതയോ സർക്കാർ ഏറ്റെടുക്കുന്നതല്ല.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
എൻ.ആർ. ശ്രീലേഖ
അണ്ടർ സെക്രട്ടറി

**To**

പ്രസിഡന്റ്/സെക്രട്ടറി, ചിറക്കര ഗ്രാമപഞ്ചായത്ത്, കൊല്ലം ജില്ല
ജില്ലാ കളക്ടർ, കൊല്ലം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ& ഇ)/(ആഡിറ്റ്), കേരളം, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.